**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2663** **17-03-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി.യിലെ ആശ്രിത നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | null<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി.യിൽ ടെക്നിക്കൽ, നോൺ ടെക്നിക്കൽ വിഭാഗങ്ങളിലെ ആകെ സാങ്ഷൻഡ് സ്ട്രെങ്ത് എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | കെ.എസ്.ഇ.ബി ലിമിറ്റഡിൽ ടെക്നിക്കൽ വിഭാഗത്തിലെ സാങ്ഷൻഡ് സ്ട്രെങ്ത് 28235 ഉം നോൺ ടെക്നിക്കൽ വിഭാഗത്തിലെ സാങ്ഷൻഡ് സ്ട്രെങ്ത് 7949 ഉം ആണ്. |
| (ബി) | കെ.എസ്.ഇ.ബി.യിൽ ടെക്നിക്കൽ, നോൺ ടെക്നിക്കൽ വിഭാഗങ്ങളിൽ ആകെ സ്ഥിരം ജീവനക്കാർ എത്രയാണെന്ന് വ്യക്തമാക്കാമോ; | (ബി) | കെ.എസ്.ഇ.ബി .ലിമിറ്റഡിൽ നിലവിൽ ടെക്നിക്കൽ വിഭാഗത്തിലെ ആകെ സ്ഥിരം ജീവനക്കാർ 26120 ഉം നോൺ ടെക്നിക്കൽ വിഭാഗത്തിലെ ആകെ സ്ഥിരം ജീവനക്കാർ 5248 ഉം ആണ്. |
| (സി) | കെ.എസ്.ഇ.ബി.യിൽ നിലവിലുള്ള സ്ഥിരം ജീവനക്കാരുടെ എത്ര ശതമാനമാണ് ആശ്രിത നിയമനം വഴി നിയമനം ലഭിച്ചവർ എന്നറിയിക്കാമോ; പ്രസ്തുത ജീവനക്കാരുടെ എണ്ണം, തസ്തിക തിരിച്ച് വ്യക്തമാക്കാമോ; | (സി) | കെ.എസ്.ഇ.ബി.ലിമിറ്റഡിലെ സ്ഥിരം ജീവനക്കാരുടെ നിലവിലുള്ള എണ്ണവും ആശ്രിതനിയമനം വഴി നിയമനം ലഭിച്ചവരുടെ എണ്ണവും ശതമാനവും തസ്തിക തിരിച്ച് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | കെ.എസ്.ഇ.ബി.യിൽ നിലവിൽ എത്ര ഓഫീസ് അറ്റന്റന്റ്/പ്യൂൺ തസ്തികകൾ ഉണ്ടെന്നും ഈ തസ്തികകളിലേക്ക് പി.എസ്.സി. മുഖാന്തരം നിയമനം നടന്നിട്ട് എത്ര കൊല്ലമായി എന്നും നിയമനങ്ങൾ ആശ്രിത നിയമനം വഴി മാത്രമാണോ നടത്തുന്നതെന്നും വിശദമാക്കാമോ; | (ഡി) | കെ.എസ്.ഇ.ബി ലിമിറ്റഡിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ അനുവദനീയമായ എണ്ണം 402 ആണ്. സർക്കാർ വകുപ്പുകളിലെ ജീവനക്കാരെക്കാളും അപകട സാധ്യത വളരെ കൂടിയ തൊഴിൽ അന്തരീക്ഷത്തിലാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ഫീൽഡ് ജീവനക്കാർ ജോലി ചെയ്തുവരുന്നത്. അതുകൊണ്ടു തന്നെ വർഷം തോറും ധാരാളം അപകട മരണങ്ങൾ ജോലിക്കിടെ ഫീൽഡ് ജീവനക്കാർക്ക് സംഭവിക്കുന്നുണ്ട്. ഇപ്രകാരം മരണപ്പെടുന്ന ബഹു ഭൂരിപക്ഷം ജീവനക്കാരുടെയും ആശ്രിതരിൽ പലർക്കും അവരുടെ കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് മാത്രമാണ് ബോർഡിൽ നിലവിലുള്ള സമാശ്വാസ നിയമന പദ്ധതി പ്രകാരം ജോലി ലഭിക്കുവാൻ അർഹതയുള്ളത്. ഇത്തരത്തിൽ ഓഫീസ് |

| | | | |
|---|---|---|---|
| | | | അറ്റൻഡന്റ് തസ്തികയിൽ നിയമനം നടത്തുന്നതുവഴി ടി തസ്തികയിലെ ജീവനക്കാരുടെ എണ്ണം കഴിഞ്ഞ ഏതാനും വർഷങ്ങളായി കൂടുതലാണ്. നിലവിൽ അനുവദനിയ എണ്ണമായ 402-നെതിരെ 410 ജീവനക്കാർ ജോലി ചെയ്തുവരുന്നു. മേൽ സാഹചര്യത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നടത്തുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. |
| (ഇ) | ഓഫീസ് അറ്റന്റന്റ്/പ്യൂൺ തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം കിട്ടി ജൂനിയർ അസിസ്റ്റന്റ് / കാഷ്യർ തസ്തികയിൽ തുടരുന്ന എത്ര പേർ നിലവിൽ കെ.എസ്.ഇ.ബി.യിലുണ്ടെന്ന് വ്യക്തമാക്കാമോ; | (ഇ) | ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നുള്ള സ്ഥാനക്കയറ്റ തസ്തികയല്ല ജൂനിയർ അസിസ്റ്റന്റ്/ കാഷ്യർ തസ്തിക. ഓഫീസ് അറ്റൻഡന്റ് ഗ്രേഡ്-2-ൽ നിന്നും ഓഫീസ് അറ്റൻഡന്റ് ഗ്രേഡ്-1, സീനിയർ ഓഫീസ് അറ്റൻഡന്റ് എന്നിവയിലേയ്ക്ക് റേഷ്യോ പ്രമോഷൻ ആണ് ഉള്ളത്. എന്നാൽ കേരള സർക്കാർ 03.01.2014-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 1/14/ഉ.ഭ.പ.വ ഉത്തരവ് പ്രകാരം എൽ.ഡി ക്ലാർക്ക്/ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് അതത് വകുപ്പുകളിലെ ക്ലാസ് സബോർഡിനേറ്റ് സർവീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്ക് കെ.പി.എസ്.സി മുഖേന നിലവിൽ അനുവദിച്ചിട്ടുള്ള 10% തസ്തിക മാറ്റത്തിന് പുറമേ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ടവർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും (LD ക്ലാർക്ക്/LD ടൈപ്പിസ്റ്റ് എന്നീ തസ്തികകളുടെ ശമ്പളത്തെക്കാൾ താഴ്ന്ന സ്കെയിലിലുള്ളവർ) തസ്തിക മാറ്റം വഴി അതതു വകുപ്പുകളിലെ എൽ.ഡി. ക്ലാർക്ക്/ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലെ 10% ഒഴിവുകളിലേക്ക് കൂടി യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ ഉപദേശം മറികടന്ന്, തസ്തികമാറ്റം അനുവദിച്ച് നൽകുന്നതിന് ചില ഉപാധികളോടെ ഉത്തരവായിട്ടുണ്ട്. ടി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 18.10.2014-ലെ B.O (CMD) No. 2696/2014 (Estt.II/ 4406/2014) അനുസരിച്ച് 01.11.2014-ന് 120 ഓഫീസ് അറ്റൻഡന്റ് വിഭാഗം ജീവനക്കാർക്ക് ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലേക്ക് നിയമനം നൽകി (By-Transfer appointment). തുടർന്ന് 15.02.2021-ന് 76 ഓഫീസ് അറ്റൻഡന്റ് വിഭാഗം ജീവനക്കാർക്ക് ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലേക്ക് നിയമനം നൽകി. നിലവിൽ ഓഫീസ് അറ്റൻഡന്റിൽ നിന്നും ജൂനിയർ |

| | | | |
|---|---|---|---|
| | | | അസിസ്റ്റന്റ് തസ്തികയിലേക്ക് 10% ക്വാട്ടയിൽ നിയമനം ലഭിച്ച 93 പേർ ജോലി ചെയ്ത് വരുന്നു. |
| (എഫ്) | ഓഫീസ് അറ്റന്റന്റ്/പ്യൂൺ തസ്തികയിലേക്കുള്ള നിയമനം പി.എസ്.സി.ക്ക് വിടാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് ഉത്തരവുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (എഫ്) | കെ.എസ്.ഇ.ബി ലിമിറ്റഡിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ അനുവദനീയമായ എണ്ണം 402 ആണ്. സർക്കാർ വകുപ്പുകളിലെ ജീവനക്കാരെക്കാളും അപകട സാധ്യത വളരെ കൂടിയ തൊഴിൽ അന്തരീക്ഷത്തിലാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ഫീൽഡ് ജീവനക്കാർ ജോലി ചെയ്തുവരുന്നത്. അതുകൊണ്ടു തന്നെ വർഷം തോറും ധാരാളം അപകട മരണങ്ങൾ ജോലിക്കിടെ ഫീൽഡ് ജീവനക്കാർക്ക് സംഭവിക്കുന്നുണ്ട്. ഇപ്രകാരം മരണപ്പെടുന്ന ബഹു ഭൂരിപക്ഷം ജീവനക്കാരുടെയും ആശ്രിതരിൽ പലർക്കും അവരുടെ കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് മാത്രമാണ് ബോർഡിൽ നിലവിലുള്ള സമാശ്വാസ നിയമന പദ്ധതി പ്രകാരം ജോലി ലഭിക്കുവാൻ അർഹതയുള്ളത്. ഇത്തരത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നടത്തുന്നതുവഴി ടി തസ്തികയിലെ ജീവനക്കാരുടെ എണ്ണം കഴിഞ്ഞ ഏതാനും വർഷങ്ങളായി കൂടുതലാണ്. നിലവിൽ അനുവദനിയ എണ്ണമായ 402-നെതിരെ 410 ജീവനക്കാർ ജോലി ചെയ്തുവരുന്നു. മേൽ സാഹചര്യത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നടത്തുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | തസ്തിക | പ്രവർത്തിക്കുന്ന ജീവനക്കാരുടെ എണ്ണം | ആശ്രിത നിയമനം വഴി നിയമനം ലഭിച്ചവർ | ശതമാനം |
|---|---|---|---|---|
| 1 | ചീഫ് എഞ്ചിനീയർ | 19 | 1 | 5.26 |
| 2 | ചീഫ് ഇന്റേണൽ ആഡിറ്റർ | 1 | 0 | 0 |
| 3 | ചീഫ് അക്കൗണ്ട്സ് ഓഫീസർ | 1 | 0 | 0 |
| 4 | ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ | 85 | 7 | 8.23 |
| 5 | ഫിനാൻഷ്യൽ അഡ്വൈസർ | 1 | 0 | 0 |
| 6 | സീനിയർ ഫൈനാൻസ് ഓഫീസർ | 1 | 1 | 100 |
| 7 | സീനിയർ അക്കൗണ്ട്സ് ഓഫീസർ | 3 | 0 | 0 |
| 8 | റീജിയണൽ പേഴ്സണൽ ഓഫീസർ | 1 | 0 | 0 |
| 9 | ചീഫ് പേഴ്സണൽ ഓഫീസർ | 1 | 0 | 0 |
| 10 | ഡെപ്യൂട്ടി ചീഫ് അക്കൌണ്ട്സ് ഓഫീസർ | 1 | 0 | 0 |
| 11 | ഫൈനാൻസ് ഓഫീസർ | 24 | 0 | 0 |
| 12 | അക്കൌണ്ട്സ് ഓഫീസർ | 39 | 29 | 74.35 |
| 13 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 275 | 0 | 0 |
| 14 | സീനിയർ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 35 | 0 | 0 |
| 15 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) | 158 | 14 | 8.86 |
| 16 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 690 | 52 | 7.53 |
| 17 | അസിസ്റ്റന്റ് ഫിനാൻസ് ഓഫീസർ | 15 | 1 | 6.6 |
| 18 | അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ | 40 | 4 | 10 |
| 19 | ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ | 60 | 3 | 5 |
| 20 | സീനിയർ സുപ്രണ്ട് | 1137 | 194 | 17.06 |
| 21 | അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) | 174 | 25 | 14.36 |
| 22 | അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 2057 | 212 | 10.30 |
| 23 | സബ് എഞ്ചിനീയർ (സിവിൽ) | 352 | 29 | 8.23 |
| 24 | സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 3110 | 115 | 3.69 |
| 25 | ഓവർസീയർ | 4769 | 18 | 0.38 |
| 26 | സീനിയർ അസിസ്റ്റന്റ് | 2070 | 425 | 20.53 |
| 27 | മീറ്റർ റീഡർ | 201 | 20 | 9.95 |
| 28 | കാഷ്യർ/ജൂനിയർ അസിസ്റ്റന്റ് | 964 | 215 | 22.30 |
| 29 | ലൈൻമാൻ I | 5714 | 153 | 2.67 |
| 30 | ലൈൻമാൻ II | 2964 | 46 | 1.55 |
| 31 | സീനിയർ ഫെയർ കോപ്പി അസിസ്റ്റന്റ് | 88 | 64 | 72.22 |
| 32 | ജൂനിയർ ഫെയർ കോപ്പി അസിസ്റ്റന്റ് | 101 | 70 | 69.30 |
| 33 | മസ്ദൂർ | 5415 | 23 | 0.42 |
| 34 | ഓഫീസ് അറ്റന്റന്റ് | 410 | 390 | 95.12 |
| 35 | ഡ്രൈവർ | 137 | 45 | 32.84 |
| 36 | പി.റ്റി.സി. സ്വീപ്പർ | 237 | 20 | 8.43 |
| 37 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 18 | 3 | 16.66 |
| | | **31368** | **2179** | **6.946** |

**സെക്ഷൻ ഓഫീസർ**